# പതിനാലാം കേരള നിയമസഭ
# (രണ്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 941** **29/09/2016-ൽ മറുപടിയ്ക്ക്**

<u>ഉൾനാടൻ മത്സ്യബന്ധനം</u>

| <u>ചോദ്യം</u><br>ശ്രീ.മഞ്ഞളാംകുഴി അലി: | <u>മറുപടി</u><br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) ഉൾനാടൻ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ഏകദേശ കണക്ക് നൽകുമോ; | എ) ഉൾനാടൻ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ഏകദേശ കണക്ക് 46,272 ആണ്. |
| ബി) ഉൾനാടൻ മത്സ്യസമ്പത്തിലുണ്ടായിട്ടുള്ള കുറവ് ഇവരുടെ ഉപജീവനത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ടെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; | ബി) ഫിഷറീസ് വകുപ്പ് ഇതിനായി പ്രത്യേക പഠനങ്ങൾ ഒന്നും നടത്തിയിട്ടില്ല. എങ്കിലും ഉൾനാടൻ ജലാശയങ്ങൾ വിസ്തൃതിയിലും ആഴത്തിലും ഗണ്യമായി ചുരുങ്ങുകയും നഗര-വ്യാവസായിക മാലിന്യ കുമ്പാരങ്ങളായി മാറുകയും ചെയ്യുന്നുമൂലം ഉൾനാടൻ മത്സ്യസമ്പത്തിൽ വലിയ ശോഷണം സംഭവിച്ചിട്ടുണ്ടെന്നത് യാഥാർത്ഥ്യമാണ്. അത് ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ ഉപജീവന സാധ്യതകളെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഉൾനാടൻ മത്സ്യഉത്പാദനത്തിന്റെ കാര്യത്തിൽ സംസ്ഥാനത്തിന് 10-ാം സ്ഥാനമാണിന്നുള്ളത്. അടുത്ത 5 വർഷത്തിനുള്ളിൽ ഉൾനാടൻ മത്സ്യഉല്പാദനം നിലവിലുള്ളതിന്റെ ഇരട്ടിയായി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരികയാണ്. ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും ജലകൃഷി വ്യാപിപ്പിക്കുന്നതിനും ഒരു ദീർഘകാല വികസന കാഴ്ചപ്പാട് രൂപപ്പെടുത്തി അടുത്ത 10 വർഷത്തേക്ക് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുവേണ്ടി ഒരു ദേശീയ ശില്പശാലയും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംഘടിപ്പിച്ചിട്ടുണ്ട്. ടി ശില്പശാല നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ഒരു ദീർഘകാല വികസന കാഴ്ചപ്പാട് ഉൾനാടൻ മത്സ്യഉത്പാദനത്തിൽ ആവിഷ്കരിച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. |

സി) പൊതുജലാശയങ്ങളിൽ മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

സി) പൊതുജലാശയങ്ങളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് ഫിഷറീസ് വകുപ്പ് നേരിട്ടും മത്സ്യസമൃദ്ധി പദ്ധതി വഴിയും ഏജൻസികളായ അഡാക്ക്, ഫിർമ മുഖേനയും പൊതു ജലാശയങ്ങളിൽ മത്സ്യ/കൊഞ്ച് വിത്തുകൾ നിക്ഷേപിച്ച് വരുന്നു. മത്സ്യകൃഷി നടപ്പിലാക്കുന്നതിനായി നൂതന മത്സ്യകൃഷികളായ സമ്മിശ്ര മത്സ്യകൃഷി, കൂടുകളിലെ മത്സ്യകൃഷി, പെൻ കൾച്ചർ മുതലായ പദ്ധതികളും മോഡൽ ഫിഷ് ഫാമുകളും തയ്യാറാക്കിയിട്ടു ണ്ട്.

ഡി) ഉൾനാടൻ മത്സ്യത്തൊഴിലാളികളെയും മത്സ്യകൃഷി നടത്തുന്നവരെയും പ്രത്യേകമായി സഹായിക്കുന്ന തരത്തിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഡി) മത്സ്യസമൃദ്ധി II ന്റെ ഭാഗമായി ഉൾനാടൻ മത്സ്യത്തൊഴിലാളികളേയും മത്സ്യകൃഷി നടത്തുന്നവരേയും പ്രത്യേകമായി സഹായിക്കുന്ന തരത്തിലുള്ള ഘടക പദ്ധതികൾ നടപ്പിലാക്കിവരുന്നു.

2015-18 വർഷത്തിൽ നടപ്പിലാക്കിവരുന്ന മത്സ്യ സമൃദ്ധി II പദ്ധതിയിൽ ഉൾപ്പെടുത്തി ഉൾനാടൻ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി പൊതുജലാശയങ്ങളിലെ മത്സ്യവിത്ത് നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിനായി ഓരോ ജില്ലയ്ക്കും വർഷം 5 ലക്ഷം രൂപ വീതം മൂന്ന് വർഷക്കാലയളവിലേയ്ക്ക് ആകെ 210 ലക്ഷം രൂപയാണ് പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നത്. ഇത് മുഖേന ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിക്കുന്നു.

ഉൾനാടൻ മത്സ്യകൃഷി നടത്തുന്നവരെ സഹായിക്കുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് മത്സ്യസമൃദ്ധി II. ഇതിന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന ഘടകപദ്ധതിയും ധനസഹായ നിരക്കും അനുബന്ധമായി ചേർക്കുന്നു

അഡാക്ക് മുഖാന്തിരം ഉൾനാടൻ മത്സ്യകർഷകരെ ഉൾപ്പെടുത്തിക്കൊണ്ട് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിനു കീഴിൽ നാഷണൽ അഡാപ്റ്റേഷൻ ഫണ്ട് ഫോർ ക്ലൈമറ്റ് ചെയ്ഞ്ച് പദ്ധതിയിൽ ഉൾപ്പെടുത്തി നബാർഡിന്റെ സഹായത്തോടെ കൈപ്പാട്-പൊക്കാളി നിലങ്ങളിലെ സംയോജിത മത്സ്യ-നെൽകൃഷി എന്ന പദ്ധതി (2015-19) ആലപ്പുഴ (100 ഹെക്ടർ), എറണാകുളം (100 ഹെക്ടർ), തൃശൂർ (100 ഹെക്ടർ), കണ്ണൂർ(300 ഹെക്ടർ) എന്നീ ജില്ലകളിലായി നടപ്പിലാക്കി വരുന്നു.

(signature)

സെക്ഷൻ ആഫീസർ

# അനുബന്ധം

| ഘടക പദ്ധതികൾ | ധനസഹായനിരക്ക് (രൂപയിൽ) |
|---|---|
| കുളങ്ങളിലെയും ഇതര ജലസംഭരണികളിലെയും ശുദ്ധ ജല മത്സ്യകൃഷി | 10000/ഹെക്ടർ |
| പാടശേഖരങ്ങളിലെയും കോൾ പാടങ്ങളിലേയും മത്സ്യ/ആറ്റുകൊഞ്ചു കൃഷി/സംയോജിത മത്സ്യകൃഷി | 10000/ഹെക്ടർ |
| പൊക്കാളി / കൈപ്പാടു നിലങ്ങളിലെയും സ്വകാര്യ കുള ങ്ങളിലെയും ചെമ്മീൻ കൃഷി | 20000/ഹെക്ടർ |
| കരിമീൻ മിനി ഹാച്ചറികൾ | 30000/യൂണിറ്റ് |
| കുളങ്ങളിലെ കരിമീൻ കൃഷി | 25000/ഹെക്ടർ |
| അടുക്കളക്കുളങ്ങൾ | 1000/യൂണിറ്റ് |
| കൂടുകളിലെ കരിമീൻ കൃഷി | 40000/യൂണിറ്റ് |
| ഞ ണ്ടു പരിപോഷണം / ഞ ണ്ടു കൃഷി | 20000/യൂണിറ്റ് |
| കല്ലുമ്മേക്കായ കൃഷി | 5000/യൂണിറ്റ് |
| മാതൃകാ കൂടുകൃഷി യൂണിറ്റുകൾ | 100000/യൂണിറ്റ് |
| മാതൃകാ മത്സ്യഫാമുകൾ | 200000/ഹെക്ടർ |
| സംയോജിത മത്സ്യകൃഷി | 40000/ഹെക്ടർ |
| പടുതാക്കുളങ്ങളിലെ മത്സ്യകൃഷി | 10000/യൂണിറ്റ് |
| പൊതുജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്ന തിനുള്ള പദ്ധതികൾ | 500000 / ജില്ല |

സെക്ഷൻ ആഫീസർ